**കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**പൂക്കോട്, ലക്കിടി പി. ഒ., വയനാട് – 673 576**
**ഇ-മെയിൽ: dar@kvasu.ac.in, officedar@kvasu.ac.in.**
**വെബ്സൈറ്റ് : www.kvasu.ac.in, ഫോൺ: 04936 209260, 209270, 209269**

നം. കെ.വി.എ.എസ്. യു/ഡി.എ.ആർ/അക്കാദ്/ബി1/30063/2022 (i) പൂക്കോട്, തീയതി: 27/10/2022

## വിജ്ഞാപനം

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലെ കോളേജുകളിൽ നിലവിൽ താഴെ പറയുന്ന സീറ്റുകൾ ഒഴിവുണ്ട്.

| Course | **B. Tech (Dairy Technology)** | | | | | **B. Tech (Food Technology)** |
|---|---|---|---|---|---|---|
| College / Category | VKIDFT Mannuthy | CDST Pookode | CDST Thiruvananthapuram | CDST Kolahalamedu | **Total** | VKIDFT Mannuthy |
| State Merit (SM) | - | 3 | 1 | 3 | **7** | **1** |
| Ezhava (EZ) | - | - | - | 2 | **2** | - |
| Muslim (MU) | - | 1 | - | 1 | **2** | - |
| Backward Hindu (BH) | - | - | - | 1 | **1** | - |
| Scheduled Caste (SC) | - | - | 1 | - | **1** | **1** |
| Total | **0** | **4** | **2** | **7** | **13** | **2** |

(മേൽ പട്ടിക പ്രകാരമുള്ള സീറ്റുകൾക്ക് പുറമേ കൂടുതൽ സീറ്റുകളിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ പ്രസ്തുത സീറ്റുകൾ കൂടി സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതാണ്)

ഈ ഒഴിവുകൾ നികത്തുന്നതിനായി താല്പര്യമുള്ള വിദ്യാർത്ഥികൾ **31/10/2022** തിങ്കളാഴ്ച **രാവിലെ 11 മണിക്ക് വയനാട്** ജില്ലയിലെ **പൂക്കോട്** സ്ഥിതി ചെയ്യുന്ന **സർവ്വകലാശാല ഹെഡ്ക്വാട്ടേഴ്സിൽ** ഡയറക്ടർ ഓഫ് അക്കാദമിക്സ് ആന്റ് റിസർച്ചിന്റെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷന് പരിഗണിക്കുകയുള്ളൂ. ഇതിനായി വിദ്യാർത്ഥികൾ CANDIDATES' DATA SHEET സമർപ്പിക്കേണ്ടതാണ്.

അന്നേ ദിവസം നിർദ്ധിഷ്ട സമയത്തിനുള്ളിൽ ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും അവരുടെ റാങ്ക്, കാറ്റഗറി, യോഗ്യത, പ്രോസ്പെക്ടസ് വ്യവസ്ഥകൾ, ലഭ്യമായ ഒഴിവുകൾ എന്നിവ പരിഗണിച്ചായിരിക്കും പ്രവേശനം നടത്തുക. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അക്കാദമിക് യോഗ്യതയും സംവരണം അഥവാ ഫീസാനുകൂല്യം ബാധകമെങ്കിൽ ബന്ധപ്പെട്ട കാറ്റഗറി യോഗ്യതയും തെളിയിക്കുന്നതിനുള്ള താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. SSLC/ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്)
2. ഹയർസെക്കണ്ടറി സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്)
3. Conduct Certificate (സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്)
4. Migration Certificate (സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്)
5. "**Candidates' Data Sheet**" downloaded from KEAM 2022 portal (അസ്സൽ)
6. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അലോട്ട്മെന്റ് ലെറ്ററും NOC ഉം (അസ്സൽ)*
7. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

* നേരത്തേ മറ്റ് കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ പ്രവേശനം നേടിയിരിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകിയ NO OBJECTION CERTIFICATE (NOC) ഉം ഹാജരാക്കേണ്ടതാണ്. ഇനിയും ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്തവർ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ (TC) അസ്സൽ ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അഡ്മിഷനു വേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് കാറ്റഗറിയിൽ ഒഴിവുണ്ടെങ്കിൽ അതാത് കാറ്റഗറി സീറ്റുകളിൽ പ്രവേശനം നൽകുന്നതാണ്. ഒഴിവുള്ള കാറ്റഗറി സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി സംവരണ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ഹാജരായിട്ടില്ല എങ്കിൽ KEAM 2022 പ്രോസ്പെക്ടസിലെ വ്യവസ്ഥ അനുസരിച്ച് അത്തരം സീറ്റുകൾ കൺവേർട്ട് ചെയ്യുന്നതും അതനുസരിച്ച് പ്രവേശനം നൽകുന്നതുമാണ്.

സ്പോട്ട് അഡ്മിഷൻ പ്രക്രിയയുടെ ഭാഗമായി കോളേജ്, കോഴ്സ് മാറ്റങ്ങൾ അനുവദിക്കുന്നതാണ്.

ശ്രദ്ധിക്കുക: കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് ആണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത് എന്നതിനാൽ വിദ്യാർത്ഥിയുടെ പക്കൽ നിന്നും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് വിദ്യാർത്ഥികളും രക്ഷിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്.

ഒപ്പ്

**ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്**